കിഫ്ബിയെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) ആയി ചുമതലപ്പെടുത്തി കിഫ്ബി സഹായത്തോടെ കേരളത്തിലെ 446 സ്കൂളുകളുടെ നിർമ്മാണപ്രവൃത്തി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട LSGD ചീഫ് എഞ്ചിനീയറുടെ അദ്ധ്യക്ഷതയിൽ 03. 01. 2020 ഉച്ചക്ക് 3.30 മണിക്ക് ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ ചേർന്ന യോഗത്തിന്റെ മിനുട്സ്.

യോഗത്തിൽ പങ്കെടുത്തവരുടെ പേരുവിവരങ്ങൾ.

1. ശ്രീ. രാജൻ കെ.വി.
   ചീഫ് എഞ്ചിനീയർ (LSGD)
2. ജോയ് ഉമ്മൻ
   ജില്ല, [illegible]
3. ശ്രീമതി. മിനി. വി.ജെ
   AEE. LSGD
4. നിതീഷ് കൃഷ്ണൻ
   Asst. Project Manager - KIIFB
5. ലക്ഷ്മി രാജ്.
   Asst. Project Manager - KIIFB
   9656267544.
6. Baiju E (FMO)

03/ 01 / 2020, 3 .30 പി .എം -ന് LSGD ചീഫ് എൻജിനീയറുടെ ഓഫീസിൽ ചീഫ് എൻജിനീയറുടെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ കില ഡയറക്ടറും KIIFB-ലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരും LSGD– യിലെ ഉദ്യോഗസ്ഥരും പങ്കെടുക്കുകയുണ്ടായി. ടി യോഗത്തിൽ KIIFB ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കേണ്ട 446 സ്കൂളുകളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് ചർച്ച നടത്തുകയുണ്ടായി. ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള എല്ലാ സ്കൂളുകളുടെയും ഫീസിബിലിറ്റി റിപ്പോർട്ട് ലഭ്യമാക്കണമെന്ന് കില ഡയറക്ടർ അറിയിക്കുകയുണ്ടായി. ടി സ്കൂൾ നിർമ്മാണവുമായി ബന്ധപ്പെട്ട് ഏറ്റെടുക്കാവുന്ന പ്രവൃത്തികളെ സംബന്ധിച്ച സംശയങ്ങൾ KIIFB-ലെ ഉദ്യോഗസ്ഥരോട് ചോദിച്ചതിൽ നിന്നും നിലവിലുള്ള കെട്ടിടങ്ങളുടെ മുകളിൽ ക്ലാസ് മുറികൾ ചെയ്യുമ്പോൾ ആവശ്യമെങ്കിൽ sheet roofing ചെയ്യാവുന്നതാണെന്ന് അറിയിക്കുകയുണ്ടായി. ആവശ്യമെങ്കിൽ ക്ലാസ് മുറികളുടെ പുനരുദ്ധാരണം നടത്താവുന്നതാണെന്നും 6 മുതൽ 8 ലക്ഷം രൂപ വരെയുള്ള വളരെ അത്യാവശ്യമുള്ള അറ്റകുറ്റപണികൾ എസ്റ്റിമേറ്റിൽ പ്രത്യേക APPENDIX ആയി ഉൾപ്പെടുത്താവുന്നതാണെന്നും KIIFB ഉദ്യോഗസ്ഥർ അറിയിച്ചു. ഏതു തരം നിർമ്മാണ പ്രവൃത്തി ആണെങ്കിലും അതിന് PTA-യുടെ തീരുമാനം ലഭ്യമാക്കേണ്ടതും ആയത് DPR-ൽ ഉൾപ്പെടുത്തേണ്ടതും ആണ് . നിലവിലുള്ള ഉപയോഗയോഗ്യമല്ലാത്ത കെട്ടിടങ്ങൾ പൊളിച്ചു മാറ്റി പുതിയ കെട്ടിടങ്ങൾ നിർമ്മിക്കേണ്ട സ്ഥലങ്ങളിൽ Demolition-ന് ആവശ്യമുള്ള തുക എസ്റ്റിമേറ്റിൽ ഉൾപ്പെടുത്താവുന്നതും Survey Report-ൽ ലഭിക്കുന്ന തുക ബില്ലിൽ നിന്നും കുറവ് ചെയ്യാവുന്നതും ആയത് ടെൻഡർ നിബന്ധനകളിൽ ഉൾപ്പെടുത്തേണ്ടതുമാണെന്നും KIIFB ഉദ്യോഗസ്ഥർ അഭിപ്രായപ്പെടുകയുണ്ടായി. Soil test, Structural Design എന്നിവക്ക് ആവശ്യമുള്ള തുക എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തുവാൻ സാധിക്കില്ല എന്നും ആയതിനുള്ള അപേക്ഷ ചീഫ് എഞ്ചിനീയർ മുഖാന്തിരം കിലയിൽ സമർപ്പിക്കുമ്പോൾ ലഭ്യമാകുന്നതാണെന്നും KIIFB ഉദ്യോഗസ്ഥർ അറിയിച്ചു.

ചീഫ് എഞ്ചിനീയർ ആവശ്യപ്പെട്ടതനുസരിച്ച് DPR template ഇമെയിൽ മുഖാന്തിരം അയച്ചു നല്കുന്നതാണെന്ന് KIIFB ഉദ്യോഗസ്ഥർ അറിയിച്ചു.

ആവശ്യമുള്ള പ്രവൃത്തികളിൽ Stability certificate നിർബന്ധമായും ഉൾപ്പെടുത്തേണ്ടതാണ്. സ്കൂളിലെ കുട്ടികളുടെ എണ്ണം 500 നും 1000 നും

ഇടയിൽ ആയിരിക്കണം എന്നും അതു സംബന്ധിച്ച സർട്ടിഫിക്കറ്റ് DPR -ൽ ഉൾപ്പെടുത്തേണ്ടതാണെന്നും KIIFB ഉദ്യോഗസ്ഥർ അറിയിച്ചു. 10 കോടിയുടെ cluster of DPR ആയി വേണം KIIFB-ൽ സമർപ്പിക്കേണ്ടത് എന്നും ആയതു PFMS (Project File Management System ) ലൂടെ സമർപ്പിക്കണം എന്നും KIIFB ഉദ്യോഗസ്ഥർ അറിയിച്ചു.

DPR സമർപ്പിക്കുന്ന സ്കൂളുകളിൽ KIIFB-യുടെ Inspection Team പരിശോധന നടത്തുന്നതാണ്.

ടി പ്രവൃത്തികൾ ഓരോ ജില്ലയിലും ഒറ്റ ടെൻഡർ ആയി നടത്തുന്നതിനെ കുറിച്ച് കില ഡയറക്ടർ അഭിപ്രായം ചോദിക്കുകയുണ്ടായി. എന്നാൽ ഓരോ പ്രവൃത്തിയും പ്രത്യേകം ടെൻഡർ ആയി തന്നെ ചെയ്യുന്നതാണ് ഉചിതം എന്ന് LSGD ചീഫ് എഞ്ചിനീയർ അറിയിച്ചു.

യോഗം 4 .45 പി .എം - ന് അവസാനിച്ചു .

CG.